(ഡി) ഒരു വർഷം 20 കായിക താരങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്. അതാതു വർഷം തന്നെ സെലക്ഷൻ നടത്തുന്ന കാര്യം ഉറപ്പു വരുത്തുന്നതാണ്.

(ഇ) ജോപോൾ അഞ്ചേരിക്ക്, ലോവർ ഡിവിഷൻ ക്ളർക്കായി നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

ദേശീയ ടീമുകളിൽ പങ്കെടുക്കുന്നവർക്ക് ജോലി നൽകാൻ നടപടി

92 (2595) ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽക്കുമോ?

(എ) ദേശീയ ടീമുകളിൽ പങ്കെടുത്തു വരുന്ന കളിക്കാർക്ക് സംസ്ഥാനത്ത് ജോലി നൽകാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ;

(ബി) എങ്കിൽ ഈ സാമ്പത്തിക വർഷം എത്ര പേർക്ക് ജോലി നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നിയമമനുസരിച്ച് ദേശീയ തലത്തിലുള്ള മത്സരത്തിൽ പങ്കെടുത്തതുകൊണ്ടു മാത്രം സ്പോർട്സ് കാട്ടാ നിയമനത്തിന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വിമൻസ് നാഷണൽ അത്ലറ്റിക്സിലെ വിജയികൾക്ക് ഗ്രേസ് മാർക്ക്

93 (2596) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽക്കുമോ?

(എ) 2005 ജനുവരിയിലെ വിമൻസ് ഫെസ്റ്റിവലിൽ അത്ലറ്റിക്സിൽ എത്ര സംസ്ഥാനങ്ങൾ പങ്കെടുത്തു; കേരളം ഏതെല്ലാം ഇനങ്ങളിൽ മത്സരിച്ചു; 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയവരുടെ പേരും ക്ളാസ്സും ക്രമത്തിൽ വെളിപ്പെടുത്തുമോ; ഇവർക്ക് ഗ്രേസ് മാർക്കോ, ക്യാഷ് അവർഡോ, ജോലിക്ക് പ്രത്യേക പരിഗണനയോ നൽകുമോ;

(ബി) ടേബിൾ ടെന്നീസ് മത്സരത്തിൽ ഫൈനലിൽ എത്തിയവരും ജയിച്ച വരും ആരൊക്കെയാണെന്നും അവരുടെ സ്കോർ എത്രയാണെന്നും അറിയിക്കുമോ; കേരളം ഇതിൽ എത്രാമതായി വന്നു;

(സി) ബാറ്റ്മിന്റൻ സിംഗിൾസ് ഫൈനലിൽ എത്തിയവരുടേയും ജയിച്ചവരുടേയും പേരുകളും, കേരളം ഇതിൽ എത്രാമതായിരുന്നുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളം ഉൾപ്പടെ 21 സംസ്ഥാനങ്ങളിൽ നിന്നുള്ള കായിക താരങ്ങൾ പങ്കെടുത്തു. കേരളം മൽസരിച്ച ഇനങ്ങൾ ചുവടെ ചേർക്കുന്നു.

(1) 100 മീറ്റർ (2) 200 മീറ്റർ (3) 400 മീറ്റർ (4) 800 മീറ്റർ (5) 1500 മീറ്റർ (6) 3000 മീറ്റർ (7) 100 മീറ്റർ ഹർഡിൽസ് (8) 400 മീറ്റർ ഹർഡിൽസ് (9) 4×100 മീറ്റർ റിലേ (10) 4×400 മീറ്റർ റിലേ (11) ലോംഗ് ജമ്പ് (12) ഹൈജമ്പ് (13) ഡിസ്ക്കസ് ത്രോ (14) ജാവലിൻ ത്രോ.

ഇവർക്ക് ഗ്രേസ്മാർക്കോ, ക്യാഷ് അവാർഡോ, ജോലിക്ക് പ്രത്യേക പരിഗണനയോ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. അത്ലറ്റിക്സ് മത്സരങ്ങളുടെ ഫലം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഫൈനലിൽ എത്തിയവരുടേയും ജയിച്ചവരുടേയും പേരു വിവരം ചുവടെ ചേർക്കുന്നു.

സിംഗിൾസ്:

ഒന്നാം സ്ഥാനം	..	അഞ്ചു കെ. തോമസ് (കേരളം)
രണ്ടാം സ്ഥാനം	..	പൗലോമി സിൻഹ (ബംഗാൾ)
മൂന്നാം സ്ഥാനം	..	അജമണി മിത്ര (ബംഗാൾ)
നാലാം സ്ഥാനം	..	പായൽ അധികാരി (ബംഗാൾ)

ഡബിൾസ്:

ഒന്നാം സ്ഥാനം	..	അജമണി മിത്ര, അർപ്പിത (ബംഗാൾ)
രണ്ടാം സ്ഥാനം	..	സ്വാതി ശർമ്മ, വിൻമിത (ഉത്തരാഞ്ചൽ)
മൂന്നാം സ്ഥാനം	..	റിഷു, മീനാക്ഷി (പഞ്ചാബ്)
നാലാം സ്ഥാനം	..	നിഖിത, നിംലത (കർണ്ണാടക)

ടീം ചാമ്പ്യൻ ഷിപ്പ്:

ഒന്നാം സ്ഥാനം	..	വെസ്റ്റ് ബംഗാൾ
രണ്ടാം സ്ഥാനം	..	കർണ്ണാടക
മൂന്നാം സ്ഥാനം	..	ഉത്തരാഞ്ചൽ
നാലാം സ്ഥാനം	..	തമിഴ്നാട്

കേരളം സിംഗിൾസ് മൽസരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ബാറ്റ്മിന്റൺ സിംഗിൾസ് ഫൈനലിൽ മൽസരിച്ചവരുടെ പേരു വിവരം ചുവടെ കൊടുക്കുന്നു. പി. ജ്യോത്സന ബീറ്റ്-ആന്ധ്രപ്രദേശ്, ഐ. ആർ. ഡി. സ്രാവണി - ആന്ധ്ര പ്രദേശ്. കേരളം ഡബിൾസ് മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. സീന രവീന്ദ്രൻ & ധന്യ, സി.

30-ാമത് നാഷണൽ വിമൻസ് ഫെസ്റ്റിവൽ

94 (2597) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) 2005 ജനുവരിയിൽ തിരുവനന്തപുരത്ത് നടന്ന 30-ാമത് നാഷണൽ വിമൻസ് ഫെസ്റ്റിവലിന്റെ പ്രാധാന്യം വ്യക്തമാക്കാമോ;

(ബി) അത്ലറ്റിക്സ്, ടേബിൾ ടെന്നീസ്, ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ പങ്കെടുത്ത കേരളത്തിലെ കുട്ടികളുടെ പേരും ഇനവും ഇവരുടെ കോച്ച് ആരാണെന്നും വ്യക്തമാക്കാമോ;

(സി) ഇക്കഴിഞ്ഞ മേളയിൽ വിജയിച്ച കേരളത്തിലെ കുട്ടികളുടെ പേര്, ഇനം, സ്ഥാനം എന്നിവ വ്യക്തമാക്കാമോ;

(ഡി) ഈ മേള കേരളത്തിൽ ആദ്യമായാണോ സംഘടിപ്പിച്ചത്; ഏതൊക്കെ വർഷങ്ങളിൽ കേരളം ഈ കായികമേളയിൽ പങ്കെടുത്തിട്ടുണ്ടെന്നും, അത്ലറ്റിക്, ടേബിൾ ടെന്നീസ്, ഷട്ടിൽ ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ ഏതൊക്കെ സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇതിൽ ഷട്ടിൽ ബാഡ്മിന്റന്റെയും, ടേബിൾ ടെന്നീസിന്റെയും വ്യക്തിഗത ചാമ്പ്യന്മാർ, രണ്ട്, മൂന്ന് സ്ഥാനക്കാർ എന്നിവരുടെ പേര്, സംസ്ഥാനം എന്നിവ വ്യക്തമാക്കാമോ;

(എഫ്) വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് സ്പോർട്ട്സ് കാട്ടയിൽ പ്രവേശനത്തിനായി വിജയികൾക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്നതിന് സ്പോർട്ട്സ് കൗൺസിലിന്റെ 2001-02-ലെ പ്രയോറിറ്റി നമ്പർ 1 മുതൽ 110 വരെയുള്ള മാർക്ക് ലിസ്റ്റിൽ ഈ മേള ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാ വിഭാഗത്തിലും പെടുന്ന വനിതകൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

(ബി) അത്ലറ്റിക്സ്, ടേബിൾ ടെന്നീസ്, ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ പങ്കെടുത്ത കേരളത്തിലെ കുട്ടികളുടെ പേരും ഇനവും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly